LIBRARY ARCHIVES Kerala Legislative Assembly

പോലീസ് കോൺസ്റ്റബിൾ നിയമനം ത്വരിതപ്പെടുത്താൻ നടപടി

71 [1647] ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും കോട്ടയം, കൊല്ലം, മലപ്പുറം, തൃശ്ശൂർ എന്നീ ബറ്റാലിയനുകളിലായി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ബറ്റാലിയനുകളിലേക്ക് പുതുതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമന നടപടികൾ ത്വരിത പ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും കോട്ടയത്ത് (കെ.എ.പി. 5) 295, കൊല്ലത്ത് (കെ.എ.പി. 3) 287, മലപ്പുറത്ത് (എം.എസ്.പി.) 682, തൃശ്ശൂർ, പാലക്കാട് ജില്ലകളുൾപ്പെട്ട (കെ.എ.പി. 2) യിൽ 438 എന്ന ക്രമത്തിൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) കോട്ടയം 45, കൊല്ലം 42, മലപ്പുറം 41, തൃശ്ശൂർ 13 എന്നിങ്ങനെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിയമന നടപടികൾ സ്വീകരിക്കുന്നുണ്ട്.

വ്യാജപട്ടയം സംബന്ധിച്ച വിജിലൻസ് അന്വേഷണം

72 [1648] ശ്രീ. പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ വ്യാജപട്ടയങ്ങളെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ ഇനി എത്ര നാൾകൊണ്ട് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ട്. വിജിലൻസ് അന്വേഷണത്തിൽ ആരോപണം പ്രഥമദൃഷ്ട്യാ തെളിയിക്കപ്പെട്ടതിനാൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിന്റെ അന്വേഷണം പുരോഗമിച്ചുവരുന്നു.